# കൂലി കൂടുതൽ വാങ്ങിയാൽ 'തെങ്ങിന്റെ ചങ്ങാതിമാർ' കുടുങ്ങും

കൊച്ചി:നാളികേര വികസന ബോർഡിന്റെ ചങ്ങാതിക്കൂട്ടം പരിശീലനപരിപാടിയിൽ പങ്കെടുത്ത് യന്ത്രസഹായത്തോടെ തെങ്ങുകയറ്റത്തിൽ പ്രാവീണ്യം നേടിയവർ സൂക്ഷിക്കുക. കൂലി കൂടുതൽ വാങ്ങിയാൽ നിങ്ങൾ കുടുങ്ങും. ബോർഡ് നിശ്ചയിച്ചതിലും കൂടുതൽ വേതനം വാങ്ങിയാൽ സൗജന്യമായി നൽകിയ യന്ത്രം തിരികെ വാങ്ങും. തുടർ ആനുകൂല്യങ്ങൾ നൽകുന്നതും നിർത്തും.

തെങ്ങുകയറ്റത്തിനായി ബോർഡ് സൗജന്യമായാണ് ചങ്ങാതിക്കൂട്ടം പരിപാടിയുടെ ഭാഗമായി പരിശീലനം നൽകിയത്. തേങ്ങയിടുന്നതിന് ഗ്രാമപ്രദേശങ്ങളിൽ കുറഞ്ഞത് 10 രൂപയും ഉയരം കൂടിയ തെങ്ങുകൾക്ക 15 രൂപയുമാണ് ബോർഡ് നിശ്ചയിച്ചിരിക്കുന്ന നിരക്ക്. പട്ടണങ്ങളിൽ എല്ലാതരം തെങ്ങുകൾക്കും 20 രൂപയാണ് കൂലി. ചിലയിടങ്ങളിൽ ഇതിലധികം തുക വാങ്ങുന്നതായി ശ്രദ്ധയിൽപ്പെട്ടതിനെ തുടർന്നാണ് നടപടി വരുന്നത്. പരിശീലനം നേടിയ തെങ്ങിന്റെ ചങ്ങാതിമാരുടെ എണ്ണം 4190 ആയി.

ഈ വർഷം മാർച്ചോടെ 5000 യുവതിയുവാക്കൾക്ക് പരിശീലനം നൽകുകയാണ് ലക്ഷ്യം. പരിശീലനം പൂർത്തീകരിച്ച തെങ്ങിന്റെ ചങ്ങാതിമാരുടെ ജില്ല തിരിച്ചുള്ള എണ്ണം ഇപ്രകാരമാണ്. എറണാകുളം 545, കാസർകോഡ് 177, കണ്ണൂർ 427, മലപ്പുറം 324, പാലക്കാട് 385, തൃശ്ശൂർ 462, ആലപ്പുഴ 246, ഇടുക്കി 66, കോട്ടയം 79, പത്തനംതിട്ട 74, കൊല്ലം 405, തിരുവനന്തപുരം 448. മറ്റു സംസ്ഥാനങ്ങളിലേക്ക് പദ്ധതി വ്യാപിപ്പിക്കുന്നതിന്റെ ഭാഗമായി മഹാരാഷ്ട്രയിൽ 20 പേർക്കും പരിശീലനം നൽകിയിട്ടുണ്ട്.